നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ ജീപ്പില്ല എന്ന പരാതി

63 (3253) ശ്രീ. പാലോട് രവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്ക് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനിൽ വർഷങ്ങളായി സ്വന്തമായി ജീപ്പില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുൻസിപ്പൽ പട്രോൾ ഡ്യൂട്ടി കഴിഞ്ഞ അഞ്ചു മാസമായി പ്രവർത്തിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ ;

(സി) മുൻസിപ്പൽ പട്രോൾ ഡ്യൂട്ടിയ്ക്കാവശ്യമായ പോലീസിനെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആവശ്യമായ പോലീസുകാരെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) സ്റ്റേഷനിൽ സ്വന്തമായി ജീപ്പ് അനുവദിക്കുന്നതിനും പട്രോൾ ഡ്യൂട്ടിക്കുവേണ്ട നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാമോ ?

ഉത്തരം

(എ) സമീപകാലത്തായി ജീപ്പ് ഇല്ലാതായിട്ടുണ്ട്. ജീപ്പ് അനുവദിച്ചു കിട്ടുന്നതുവരെ പോലീസ് വകുപ്പിലെ മറ്റു വാഹനങ്ങൾ ഉപയോഗിച്ച് സ്റ്റേഷൻ പ്രവർത്തനം തടസ്സപ്പെടാതെ നടത്തിവരുന്നു.

(ബി) മുൻസിപ്പൽ പട്രോൾ ഡ്യൂട്ടി തടസ്സമില്ലാതെ നടത്തിവരുന്നുണ്ട്.

(സി) മുൻസിപ്പൽ പട്രോൾ ഡ്യൂട്ടിയായി പ്രത്യേക തസ്തിക അനുവദിച്ചിട്ടില്ല. നെടുമങ്ങാട് പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരെ നിയോഗിച്ച് മുൻസിപ്പൽ പെട്രോൾ ഡ്യൂട്ടി കൃത്യമായി നടത്തിവരുന്നുണ്ട്.

(ഡി) ഈ വർഷം പുതിയ ജീപ്പുകൾ വാങ്ങുന്ന മുറയ്ക്ക് നെടുമങ്ങാട് പോലീസ് സ്റ്റേഷന് ജീപ്പ് അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. മുൻസിപ്പൽ പട്രോൾ തടസ്സമില്ലാതെ നടത്തിവരുന്നുണ്ട്.

മാധവൻ നമ്പൂതിരി മരിച്ച സംഭവം

64 (3254) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ പൂയപ്പള്ളി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ മരുതമൺപ്പള്ളി ഗൗരി സദനത്തിൽ മാധവൻ നമ്പൂതിരി ആനപ്പുറത്ത് നിന്ന് വീണ് മരിച്ചത് വൈദ്യുതി ലൈനിൽ തട്ടിയാണെന്ന് ബന്ധുക്കളുടെ ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly